# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5161 06.02.2014-ൽ മറുപടിയ്ക്ക്**

**<u>നിയമവിരുദ്ധമായി ഫോൺ ചോർത്തൽ - പരിശോധിക്കാൻ സംവിധാനം</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ജെയിംസ് മാത്യു | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് തങ്ങളുടെ ഫോൺ സംഭാഷണങ്ങൾ ചോർത്തുന്നതായി പരാതി ഉന്നയിച്ച ജനപ്രതിനിധികളും സംഘടനാ ഭാരവാഹികളും ആരൊക്കെയാണ്; | (എ) ഫോൺ സംഭാഷണങ്ങൾ നിരീക്ഷിക്കുന്നു എന്നാരോപിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, എം. എൽ. എ. സർക്കാരിലും സി. പി. ഐ. (എം) കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ജയരാജൻ, ശ്രീ. വി. എസ്. സുനിൽ കുമാർ, എം.എൽ.എ. എന്നിവർ സംസ്ഥാന പോലീസ് മേധാവിക്കും ശ്രീമതി. കെ. കെ. ലതിക, എം. എൽ. എ., ബഹു. ചീഫ് വിപ്പ്, ശ്രീ. പി. സി. ജോർജ്ജ് എന്നിവർ ബഹു. നിയമസഭാ സ്പീക്കർക്കും പരാതി നല്കിയിരുന്നു. ഈ വിഷയം സംബന്ധിച്ച് ശ്രീ. പി. ജയരാജൻ, ശ്രീ. എളമരം കരീം, എം.എൽ.എ എന്നിവർ കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ഫോൺ സംഭാഷണങ്ങൾ നിരീക്ഷിക്കുന്നു എന്ന് എൻ. എസ്. എസ്. ജനറൽ സെക്രട്ടറി ശ്രീ. ജി. സുകുമാരൻ നായർ പത്രസമ്മേളനത്തിലൂടെ അറിയിച്ചിരുന്നെങ്കിലും രേഖാമൂലം പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല. |
| ബി) ഏതെല്ലാം പരാതികൾ സംബന്ധിച്ച അന്വേഷണം നടത്തി ; ഫോൺ സംഭാഷണങ്ങൾ ചോർത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയുണ്ടായോ ; ഇത് സംബന്ധമായ പരിശോധന ഏത് സംവിധാനം വഴിയായിരുന്നു ; വിശദമാക്കുമോ ;<br><br>സി) ഫോൺ സംഭാഷണങ്ങൾ ചോർത്താനുള്ള യന്ത്ര സംവിധാനങ്ങൾ സർക്കാരിനുണ്ടോ ; ഒരേ സമയം എത്ര ഫോൺ ചോർത്തൽ സാധ്യമാകും ; ഈ സംവിധാനം നിയമവിരുദ്ധമായി പ്രയോജനപ്പെടുത്താൻ സാധ്യമായിട്ടുള്ളതാണോ ; നിയമവിരുദ്ധമായി ഈ സംവിധാനം പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പാക്കാൻ കഴിയുന്നത് എങ്ങിനെയാണ്; വിശദമാക്കാമോ ;<br><br>ഡി) ഉന്നയിക്കപ്പെട്ട പരാതികളുടെയടിസ്ഥാനത്തിൽ നിയമവിരുദ്ധമായി ഫോൺ ചോർത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചത് ഏത് സംവിധാനം വഴിയാണ് ; ആരാണ് പരിശോധിച്ചത്? | (ബി), (സി) & (ഡി)<br><br>ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയും പരാതികളിൽ കഴമ്പില്ലെന്ന് ബോദ്ധ്യപ്പെടുകയുമുണ്ടായി. 1885 – ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ടിലെ വകുപ്പ് 5(2), 2000 – ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവയിലേയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ കൃത്യമായും പാലിച്ചുകൊണ്ട് സംസ്ഥാന ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് ടെലഫോണുകൾ നിരീക്ഷിക്കുന്നതിന് അനുമതി നൽകുന്നത്. ഇപ്രകാരം നിയമവിധേയമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലല്ലാതെ ടെലഫോണുകൾ നിരീക്ഷിക്കുന്ന രീതി വിശേഷം നിലവിലില്ല. ടെലഫോണുകൾ നിരീക്ഷിക്കുന്നതിന് നല്കിയ അനുമതി ഉത്തരവുകൾ പരിശോധിക്കുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു റിവ്യൂ കമ്മിറ്റി നിലവിലുണ്ട്. കമ്മിറ്റി കൃത്യമായ ഇടവേളകളിൽ |

യോഗം ചേർന്ന് ഉത്തരവുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. അതീവ രഹസ്യ സ്വഭാവമുള്ളതായതിനാൽ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

സെക്ഷൻ ഓഫീസർ